പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2706 — 14-02-2013-ൽ മറുപടിക്ക്

പഴവങ്ങാടി-റാന്നി വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പഴവങ്ങാടി-റാന്നി വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് ഇതുവരെ ചെലവാക്കിയിട്ടുള്ളത്; പദ്ധതി കമ്മീഷനിംഗ് വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; ആദ്യഘട്ടത്തിൽ എത്ര കി.മീറ്റർ നീളത്തിൽ വിതരണക്കുഴലുകൾ സ്ഥാപിച്ചിട്ടുണ്ട്; ഏതൊക്കെ മേഖലയിൽ ആദ്യഘട്ടം വെള്ളമെത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | റാന്നി -പഴവങ്ങാടി-വടശ്ശേരിക്കര പദ്ധതിയുടെ ഇൻ ടേക്ക് കിണർ, ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി ലൈനുകൾ, ജലസംഭരണികൾ ഇൻ ടേക്ക് കിണറിലെ പമ്പുസെറ്റ്, ട്രാൻസ് ഫോമർ, സബ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 6 ക്ലിയർ വാട്ടർ പമ്പു സെറ്റുകളിൽ ഒരെണ്ണം പൂർത്തീകരിച്ചു. 3 എണ്ണത്തിന് വർക്ക് ഓർഡർ നൽകി, 2 എണ്ണം റീ ടെണ്ടർ ചെയ്യേണ്ടതുണ്ട്. ഈ പദ്ധതിക്കു വേണ്ടി 31.1.2013 വരെ 1222.31 ലക്ഷം രൂപ ചെലവഴിച്ചു. പദ്ധതിയുടെ ഭാഗിക കമ്മീഷനിംഗ് വൈകുന്നത് ഇൻ ടേക്ക് വെല്ലിലും ജലശുദ്ധീകരണ ശാലയിലും വൈദ്യുതി കണക്ഷൻ കിട്ടാത്തത് കൊണ്ടാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റാന്നി -പഴവങ്ങാടി-വടശ്ശേരിക്കര ശുദ്ധജല വിതരണ പദ്ധതി പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏകദേശം 15 കിലോമീറ്റർ നീളത്തിൽ വിതരണശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധീകരിച്ച ജലം ആനപ്പാറയിലുള്ള റിസർ വോയറിലും |

| | | | |
|---|---|---|---|
| | | | കൂടാതെ പഴയ തോട്ടമൺ സ്കീമിന്റെ വിതരണ ശൃംഖലയിലും ആദ്യഘട്ടത്തിൽ എത്തിക്കാൻ കഴിയും. |
| (ബി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നത്; പ്രവൃത്തികളുടെ വിവരവും തുകയും സഹിതം വ്യക്തമാക്കുമോ; | (ബി) | റാന്നി -പഴവങ്ങാടി-വടശ്ശേരിക്കര പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 1458.99 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ പറയുന്ന സ്ഥലങ്ങളിൽ വിതരണകുഴലുകൾ സ്ഥാപിക്കാനാണ് ടി തുക കൊണ്ട് ഉദ്ദേശിക്കുന്നത്. താഴെ പറയുന്ന പ്രവൃത്തികൾ രണ്ടാം ഘട്ടമായി ഉൾ പ്പെടുത്തിയിട്ടുണ്ട്.<br>(രൂപ ലക്ഷത്തിൽ)<br>1. സോൺ-1 വിതരണ ശൃംഖല - 404.50.<br>2. സോൺ-2 ,, - 518.00<br>3. സോൺ-3 ,, - 221.00<br>4.സോൺ-5,7 ,, -172.00<br>5.സോൺ-6 ,, - 92.50<br>സോൺ 4 -ലെ വിതരണശൃംഖലയുടെ പുതുക്കിയ ഭരണാനുമതിക്കു വേണ്ടി പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (സി) | ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് ടെൻഡർ ചെയ്തിട്ടുള്ളത്; ടെൻഡർ ചെയ്തവയിൽ ഇനിയും നിർമ്മാണം ആരംഭിക്കാത്തവയുണ്ടോ; ഏതൊക്കെ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | സോൺ 4 ഒഴികെ ബാക്കി പ്രവൃത്തികളെല്ലാം ടെണ്ടർ ചെയ്തവയാണ്. ഇതിൽ സോൺ 6 -ലെ വിതരണശൃംഖലയുടെ പണി 80% പൂർത്തീകരിച്ചു. സോൺ 1,2,3 എന്നിവയുടെ പണി നടന്നുവരുന്നു. സോൺ 5നും 7നും വേണ്ടി പൈപ്പുകൾ സപ്ലൈ ചെയ്യാൻ നടപടികൾ തുടങ്ങി. ഭരണാനുമതി നൽകിയ തുകയിൽ നിന്നും സോൺ 1,2,3,5&7,6 എന്നീ പ്രവൃത്തികൾക്കു വേണ്ടി വരുന്ന തുക കിഴിച്ച് ബാക്കി തുകയ്ക്ക് സോൺ 4 ലെ വിതരണ ശൃംഖല സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ